# ഗവ : ഹയർ സെക്കന്ററി സ്കൂൾ
## പെരിങ്ങാശ്ശേരി

# ACADEMIC MASTER PLAN

## 2025 - 2026

## ഉള്ളടക്കം

1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയചരിത്രം
4. വിദ്യാലയ മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
5. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ
6. നിലവിലെ അവസ്ഥാ വിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ
8. പദ്ധതി വിശദാംശങ്ങൾ ( മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം
9. പ്രതീക്ഷിത നേട്ടങ്ങൾ
10. മോണിട്ടറിംഗ്
11. ഉപസംഹാരം

## <u>അനുബന്ധം</u>

1. കുട്ടികളുടെ എണ്ണം - മുൻവർഷങ്ങളിൽ
2. മികവുകൾ , നേട്ടങ്ങൾ (നടപ്പുവർഷം, മുൻവർഷം)
3. നിലവിലുള്ള കമ്മിറ്റികൾ - അംഗങ്ങളുടെ പട്ടിക

## പെരിങ്ങാശ്ശേരി ഗവ: ഹയർ സെക്കന്ററി സ്കൂൾ

## ഒരു അവലോകനം

### ആമുഖം

പഴയ തിരുവിതാംകൂറിന്റെ ഭാഗമായിരുന്ന കോട്ടയം ജില്ലയിൽ തൊടുപുഴ താലൂക്കിന്റെ കിഴക്കൻ മേഖലയിൽ ആദിവാസികൾ മാത്രം അധിവസിച്ചിരുന്ന വനമേഖലയിൽ ഔപചാരികമായി ഒരു ഗവൺമെന്റ് സ്കൂൾ സ്ഥാപിതമായത് 1950 കാലഘട്ടത്തിലാണെങ്കിലും ഇതിനൊക്കെ വളരെ മുമ്പു തന്നെ ഇവിടെ ആദിവാസികൾക്കു വേണ്ടി ഒരു നല്ല സ്കൂൾ പ്രവർത്തിച്ചുകൊണ്ടിരുന്നു. സർക്കാർ സ്കൂൾ ഏറ്റെടുത്തുകൊണ്ടുള്ള വിജ്ഞാപനം അനുസരിച്ച് 1950 ജൂൺമാസം മുതൽ പെരിങ്ങാശ്ശേരി ഗവൺമെന്റ് എൽ.പി.എസ് നിലവിൽ വന്നു. തുടർന്ന് എൽ.പി സ്കൂളിനെ യു.പി സ്കൂൾ ആക്കാനുള്ള പരിശ്രമം തുടങ്ങി. കഠിനാധ്വാനത്തിനൊടുവിൽ 1973 ൽ യു.പി സ്കൂൾ തുടങ്ങാനുള്ള അനുവാദം കിട്ടി. പിന്നീട് 1981-82 കാലഘട്ടത്തിൽ യു.പി സ്കൂൾ ഹൈസ്കൂളായി ഉയർന്നു. 2004-05 കാലഘട്ടത്തിൽ പെരിങ്ങാശ്ശേരി ഹൈസ്കൂൾ ഹയർസെക്കന്ററി സ്കൂളായും ജൈത്രയാത്ര തുടർന്ന് വരുന്നു. പെരിങ്ങാശ്ശേരിയിൽ ഏകദേശം 5 ഏക്കർ സ്ഥലത്താണ് സ്കൂൾ സ്ഥാപിച്ചിരിക്കുന്നത്. വിശാലമായ കളിസ്ഥലം, സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, ലൈബ്രറി, സ്മാർട്ട് ക്ലാസ് റൂം എന്നിവ വളരെ ഭംഗിയായി പ്രവർത്തിച്ചു പോരുന്നു. ഗോത്രസാരഥി പദ്ധതിയുടെ ഭാഗമായി കുട്ടികൾക്ക് വാഹന സൗകര്യം ലഭ്യമാണ്. എല്ലാ ക്ലാസ്മുറികളും ടൈൽ പാകിയതും ആണ്. ക്ലാസ്സ്മുറികൾ വൈദ്യുതീകരിച്ചിട്ടുണ്ട്. ഈ സ്കൂളിൽ വിദ്യ അഭ്യസിക്കുന്ന കുട്ടികളിൽ 50% ലും എസ്.ടി വിഭാഗത്തിൽ പെട്ടവരാണ്.

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | ; ഗവ.ട്രൈബൽ ഹയർസെക്കന്ററി സ്കൂൾ പെരിങ്ങാശ്ശേരി |
| വിലാസം | ; പെരിങ്ങാശ്ശേരി പി.ഒ ഉടുമ്പന്നൂർ , 685 595 |
| | ഇടുക്കി ജില്ല |
| ഫോൺ | : 04862 -272393 (എച്ച്.എസ്) |
| | 04862 - 271900(എച്ച്.എസ്.എസ്) |
| സ്കൂൾ കോഡ് | : 29052 (എച്ച്.എസ്) |
| | 06056 (എച്ച്.എസ്.എസ്) |
| വിദ്യാഭ്യാസ ജില്ല | : തൊടുപുഴ |
| വിദ്യാഭ്യാസ ഉപജില്ല | : തൊടുപുഴ |
| റവന്യു ജില്ല | : ഇടുക്കി |
| ബി.ആർ.സി | : കരിമണ്ണൂർ |
| സി.ആർ.സി | : തട്ടക്കുഴ |
| ഗ്രാമപഞ്ചായത്ത് | : ഉടുമ്പന്നൂർ |
| ബ്ലോക്ക് പഞ്ചായത്ത് | ; ഇളംദേശം |
| ജില്ലാപഞ്ചായത്ത് | : ഇടുക്കി |
| നിയമസഭാമണ്ഡലം | : തൊടുപുഴ |
| താലൂക്ക് | : തൊടുപുഴ |
| വില്ലേജ് | : ഉടുമ്പന്നൂർ |
| ഇ.മെയിൽ | : 29052 ghs@gmail.com , principal gthsspgry@gmail.com |

ലക്ഷ്യങ്ങൾ:-

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
2. അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല ലക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക
3. 1 മുതൽ 12-ാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യ പദ്ധതിയ്ക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്കു ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കല ണ്ടറും രൂപപ്പെടുത്തൽ
4. അധ്യാപനവും അധ്യയനവും സർഗ്ഗാത്മകവും രസകരവുമാകുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

# പെരിങ്ങാശ്ശേരി സ്കൂൾ ചരിത്ര വഴികളിലൂടെ

അറിവിന്റെ അക്ഷയഖനിയായി ആയിരങ്ങൾക്ക് അകക്കണ്ണ് തുറന്നുകൊടുത്ത പെരിങ്ങാശ്ശേരി ഗവൺമെന്റ് സ്കൂൾ 60-ാം വാർഷികത്തിന്റെ വജ്ര കാന്തിയിൽ ശോഭിക്കുന്നു. പെരിങ്ങാശ്ശേരി സ്കൂളിന്റെ ചരിത്രം പരിശോധിക്കുമ്പോൾ പെരിങ്ങാശ്ശേരി കാണിക്കാരനായിരുന്ന മൺമറഞ്ഞുപോയ കരിമുണ്ടക്കൽ ശ്രീ കെ.കെ കൊച്ചാദിച്ചൻ അവർകളുടെ ചരിത്രം കൂടിയാണ് അതെന്നു മനസ്സിലാക്കും. പഴയ തിരുവിതാം കൂറിന്റെ ഭാഗമായിരുന്ന കോട്ടയം ജില്ലയിൽ തൊടുപുഴ താലൂക്കിന്റെ കിഴക്കൻ മേഖലയിൽ ആദിവാസികൾ മാത്രം അധിവസിച്ചിരുന്ന വനമേഖലകൾക്കുള്ളിൽ ഒരു സ്കൂൾ സ്ഥാപിച്ച് അതിനെ ഇന്നത്തെ നിലയിലാക്കി എടുക്കുന്നതിന് അദ്ദേഹം അനുഭവിക്കേണ്ടി വന്ന കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും സമാനതകൾ ഇല്ലാത്തതാണ്. ഈ സ്കൂളിന്റെ ആദ്യ ബാച്ചിൽ പ്രവേശനം നേടിയ കുട്ടികളിൽ പലരും സെക്രട്ടറിയേറ്റ് അടക്കം വിവിധ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലി തേടി സർവീസിൽ നിന്നും വിരമിച്ചുകൊണ്ടിരിക്കുന്നു. സാധാരണ ഒരു കേരള ഗ്രാമത്തിൽ കാണുന്നതിനേക്കാൾ വളരെയധികം ഉദ്യോഗസ്ഥൻമാർ ഒരു ആദിവാസി കോളനിയായ പെരിങ്ങാശ്ശേരിയിൽ നിന്നും ഉണ്ടായത് എങ്ങനെ സംഭവിച്ചു എന്നത് ആരെയും അത്ഭുതപ്പെടുത്തും. ഔപചാരികമായി ഇവിടെ ഒരു ഗവൺമെന്റ് സ്കൂൾ സ്ഥാപിതമായത് 1950 കാലഘട്ടത്തിലാണെങ്കിലും അതിനൊക്കെ വളരെ മുമ്പ് തന്നെ ഇവിടെ ആദിവാസികൾക്ക് വേണ്ടി ഒരു നല്ല സ്കൂൾ പ്രവർത്തിച്ചുകൊണ്ടിരുന്നു. തൊടുപുഴ താലൂക്കിൽ ഉടുമ്പന്നൂർ പഞ്ചായത്തിൽ ഉടുമ്പന്നൂർ വില്ലേജിൽപെട്ട റിസർവ് വനത്തിന് ഉള്ളിൽ ഇൻഡ്യ ഒരു റിപ്പബ്ലിക് ആയ വർഷം ഒരു ഗവൺമെന്റ് സ്കൂൾ സ്ഥാപിതമായതിനു പിന്നിൽ വളരെ പേർക്കൊന്നും അറിയാൻ സാധിക്കാത്ത അവിശ്വസനീയമായ ഒരു ചരിത്രം തന്നെയുണ്ട്. 1970 കാലഘട്ടം വരെ ഇവിടെ അധിവസിച്ചിരുന്ന ജനവിഭാഗങ്ങൾ മുഴുവനും ആധിവാസി വിഭാഗത്തിൽ പെട്ട മലയരയൻമാരായിരുന്നു. റിസർവ് വനത്തിനുള്ളിലെ സെറ്റിൽമെന്റുകളിൽ താമസിച്ചുവന്നിരുന്ന അവർക്ക് വനവിഭവങ്ങൾ ശേഖരിച്ചു ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ ഏൽപ്പിക്കുകയും ഫോറസ്റ്റ്കാരുടെ ആവശ്യപ്രകാരം വനത്തിന്റെ അതിരുകൾ തെളിച്ച് വൃത്തിയാക്കി കാട്ടുതീയിൽ നിന്നും വനത്തെ സംരക്ഷിക്കുന്ന ജോലി ഉണ്ടായിരുന്നു. കാലാകാലങ്ങളായി പ്രതിഫലം കൂടാതെ അവർ ഇത്തരം വനസംരക്ഷണ പരിപാടികൾ നടത്തിപ്പോന്നിരുന്നു. സെറ്റിൽമെന്റുകളിൽ തന്നാണ്ടു

കൃഷി തുറക്കാനും കുടിൽ കെട്ടി താമസിക്കാനും അവരെ അനുവദിച്ചിരുന്നു. രാജഭരണകാലത്തും ബ്രിട്ടീഷ് നിയമങ്ങൾ ആദിവാസികളുടെ മേൽ കടുത്ത നിയന്ത്രണമാണ് ഏർപ്പെടുത്തിയിരുന്നത്. ആദിവാസികൾക്ക് വനത്തിനു വെളിയിൽ പോകുന്നതിനോ പരിഷ്കൃത സമൂഹവുമായി ബന്ധപ്പെടുന്നതിനോ ഉള്ള അവകാശങ്ങൾ പോലും നിഷേധിച്ചിരുന്നു. അതു പോലെ വനത്തിനു വെളിയിൽ നിന്ന് ഏതൊരാളും വനത്തിനുള്ളിലേക്ക് പ്രവേശിക്കാൻ പാടില്ലാത്ത കടുത്ത നിയന്ത്രണമാണ് നിലനിന്നിരുന്നത്. ഇത്തരം നിയമങ്ങൾ ലംഘിക്കുന്നവർക്ക് അതിക്രൂരമായ മർദ്ദനവും മറ്റു ശിക്ഷാ നടപടികളും ഫോറസ്റ്റുകാർ നടപ്പാക്കിയിരിക്കുന്നു. തന്നാണ്ടു വിളകളായ നെല്ല്, ചാമ, തിന, ചോളം മുതലായ ധാന്യങ്ങളും മരച്ചീനി, ചേമ്പ്, കാച്ചിൽ മുതലായ കിഴങ്ങുവർഗ്ഗങ്ങളും കൃഷിചെയ്യാൻ മാത്രമേ ആദിവാസികളെ അനുവദിച്ചിരുന്നുള്ളൂ. ഇതിനു വിപരീതമായ ഒരു തെങ്ങോ , കമുകോ ഒരു കുരുമുളക് വള്ളിയോ കൃഷി ചെയ്തിട്ടുണ്ടെന്നറിഞ്ഞാൽ അത്തരം കൃഷി നശിപ്പിക്കുക മാത്രമല്ല അതിനു കാരണക്കാരായവർക്ക് കൊടിയ മർദ്ദനം തന്നെയായിരുന്നു പ്രതിഫലം വന നിയമങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഓരോ സെറ്റിൽമെന്റിലും ഓരോ മൂപ്പൻമാരെ അല്ലെങ്കിൽ കാണിക്കാരന്മാരെ നിയമിച്ചിരുന്നു. 1940 കാലഘട്ടത്തിൽ പെരിങ്ങാശ്ശേരി സെറ്റിൽമെന്റിലെ കാണിക്കാരനായിരുന്ന കരിമുണ്ടക്കൽ കണ്ട വിദഗ്ദ്ധനായഒരു വിഷചികിത്സകാരിയും ക്ഷേത്രത്തിലെ വെളിച്ചപ്പാടും മന്ത്രവാദിയും ഒക്കെയായിരുന്നു. എല്ലാ ജോലികളും കൂടി ഒന്നിച്ചുകൊണ്ടുപോകാൻ ബുദ്ധിമുട്ട് മനസ്സിലാക്കി അദ്ദേഹം കാണിക്കാരൻ സ്ഥാനം തന്റെ രണ്ടാമത്തെ മകനായ കൊച്ചാതിച്ചൻ ഏൽപിച്ച് കൊടുക്കുകയായിരുന്നു. ചെറുപ്രായത്തിൽ തന്നെ കാണിക്കാരൻ സ്ഥാനം കിട്ടിയ അദ്ദേഹത്തിന് ബാഹ്യ ലോകവുമായി ബന്ധപ്പെടുന്നതിനും അക്ഷരാഭ്യാസം നേടിയെടുക്കാനുമുള്ള അന്യായമായ മോഹങ്ങളുമായി സെറ്റിൽമെന്റ് വിട്ടിറങ്ങി അദ്ദേഹം തൊടുപുഴയ്ക്കടുത്ത് കോലാനിയിലുള്ള ഒരു ആശ്രമത്തിലെത്തി. നാലാംക്ലാസ്സ് വരെ പഠിക്കാനുള്ള അവസരം കിട്ടി. പഠിത്തം കഴിഞ്ഞ് തിരികെ വന്ന് കൊച്ചി കാണിക്കാരന് സെറ്റിൽമെന്റിൽ തന്നെ ഒരു സ്കൂൾ സ്ഥാപിച്ച് കുറച്ചുപേർക്കു കൂടി അക്ഷരജ്ഞാനം ഉണ്ടാക്കി കൊടുക്കണമെന്നുള്ള അതിയായ ആഗ്രഹം ഉണ്ടായിരുന്നു. അതിനു മുന്നോടിയായി കരക്കാരെ വിളിച്ച് സ്വന്തം പറമ്പിൽ തന്നെ ഒരു ചെറിയ ഷെഡ് പണിത് പുല്ലു മേഞ്ഞ് ഉണ്ടാക്കിയെടുത്തു. കരക്കാരെ അക്ഷരം പഠിപ്പിക്കാനുള്ള ആശയം മറ്റെല്ലാവർക്കും പറഞ്ഞു കൊടുത്തു. കാണിക്കാരന്റെ ആവശ്യമായിരുന്നതുകൊണ്ട് ആ തീരുമാനത്തെ ആരും

എതിർത്തില്ല. ഒന്നാം തീയതി തോറും യോഗം കൂടുവാനും ആദിവാസികളുടെ കലാവാസനകളെ പരിപോഷിപ്പിക്കുന്നതിനുമുള്ള ഒരു കേന്ദ്രം മാത്രമായിരുന്നു അത്. കോരടി കളി, ചെണ്ടമേളം, ഗരുഡൻ തൂക്കം, മുടിയേറ്റ് മുതലായ നാടൻ കലകൾ പഠിപ്പിക്കുകയും പഠിക്കുകയുമായിരുന്നു പരിപാടി. താലൂക്ക് തലസ്ഥാനമായ തൊടുപുഴയ്ക്ക് ബസ് സൗകര്യങ്ങളൊന്നുമില്ല. നടന്നുതന്നെ പോകണം. അടുത്ത പോലീസ് സ്റ്റേഷൻ കാഞ്ഞാറിലാണ്. ഉപ്പും അത്യാവശ്യം തുണി, പുകയില, ചട്ടി, കലം മുതലായവയെല്ലാം കിട്ടുന്ന അടുത്ത സ്ഥലവും കാഞ്ഞാർ തന്നെ. യാത്ര വനത്തിലൂടെയുള്ള ഒറ്റയടി പാതയിലൂടെ ദുഷ്ടമൃഗങ്ങളെയൊക്കെ സാക്ഷി നിർത്തി സംഘമായിട്ടുള്ള ഇത്തരം യാത്രകൾ ആണ്ടിൽ രണ്ടുമൂന്നു പ്രാവശ്യം ഉണ്ടാകും അങ്ങനെയുള്ള യാത്രയിൽ ഒരിക്കൽ തൊടുപുഴയിൽ വച്ച് കാണിക്കാരൻ, ആർ.സി പിള്ള ഒരു മാന്യനെ പരിചയപ്പെടാനായി കണക്കും ഭാഷയും, ചരിത്രവും, ഭൂമിശാസ്ത്രവും ഒക്കെ അിറവുള്ള പണ്ഡിതനായ അദ്ദേഹത്തെ കാണിക്കാരൻ സ്വന്തം കുടിയിലേയ്ക്ക് ക്ഷണിച്ചുകൊണ്ടുവന്ന് ഒരു സ്കൂൾ സ്ഥാപിക്കാൻ സഹായിക്കണമെന്ന് അപേക്ഷിച്ചു. കാണിക്കാരന്റെ വിട്ടിൽ തന്നെ താമസിച്ച് ഒരു എഴുത്തോല കളരി തുടങ്ങി. ഉടുമ്പന്നൂരിൽ നിന്നും ചേനക്കര ആശാനെ വരുത്തി കളരി തുടങ്ങി. ഫോറസ്റ്റ് ഏമാൻമാർ മറ്റ് കാണിക്കാരൻമാരോട് തിരക്കി വിവരങ്ങൾ അിറഞ്ഞുകൊണ്ടിരുന്നു. ഓരോ കാണിക്കുടിയിലെ വിവരങ്ങൾ ചോർത്താൻ മറ്റൊരു കാണിക്കാരനെ ചാരനായി നിയമിച്ചു. ചാരപ്പണിയ്ക്ക് തക്കതായ പ്രതിഫലവും കൊടുത്തിരുന്നു. ഒന്നുകിൽ ഒരു തോക്കു തന്നെ അല്ലെങ്കിൽ പാസ് ഫോറസ്റ്റ് ഏമാൻമാർ പെരിങ്ങാശ്ശേരി കാണി സന്ദർശിക്കാൻ എത്തി കാണിക്കാരൻ കൊച്ചാദിച്ചൻ ഏമാൻമാരെ സ്വീകരിച്ചു ഭക്ഷണവും മറ്റും ഏർപ്പാടാക്കി. കോഴിയും കള്ളും പതിവുപോലെ സുഖം ശാപ്പാട് സന്തോഷം ആർ.സി പിള്ളയും ചേനക്കര ആശാനും ഇതിനോടകം കാട്ടിൽ ഒളിച്ചു കഴിഞ്ഞിരുന്നു. കാണിക്കാരനോട് വിവരങ്ങൾ നേരിട്ടുതന്നെ തിരക്കി ഇതെല്ലാം വനനിയമത്തിന് വിരുദ്ധമാണെന്ന് കാണിക്കാരന് അറിയില്ലേ. ? ഞങ്ങളുടെ പിള്ളേരും രണ്ടക്ഷരം പഠിക്കട്ടേ ഏമാനേ എങ്കിലല്ലേ ഞങ്ങളുടെ പിള്ളേരും നിങ്ങളെപ്പോലെയൊക്കെ ആകാൻ പറ്റൂ കാണിക്കാരനും വിട്ടു കൊടുത്തില്ല. എങ്കിലും കാണിക്കാരാ ഇതൊന്നും ശരിയല്ല. അടുത്ത വരവിന് ഈ ഷെഡ്ഡൊന്നും ഇവിടെ കാണാൻ പാടില്ല. മുഴുവൻ പൊളിച്ചു മാറ്റണം എന്ന് കല്പിച്ച് ഏമാൻമാർ സ്ഥലം വിട്ടു. ഈ കാണിക്കാരൻ അത്ര ചില്ലറക്കാരനല്ല എന്ന് ഏമാൻമാർ മനസ്സിൽ കുറിച്ചിട്ടു. വിവരങ്ങൾ വലിയ ഏമാൻ റെയ്ഞ്ച് ആഫിസറെ അറിയിച്ചു. കൊച്ചാദിച്ചൻ പെരിങ്ങാശ്ശേരിയിലെ കാണിക്കാരനാ

കാണിക്കാരൻ തന്നെ ഇങ്ങനെ തുടങ്ങിയാൽ അയാളെ അങ്ങനെ വെറുതെ വിടാൻ പറ്റില്ല. ഏമാൻമാർ തല പുകഞ്ഞ് ആലോചിച്ചു. ഡിവൈഡ് ആൻഡ് റൂൾ കിഴക്കേകരയിലെ കാണിക്കാരനെ വിളിപ്പിച്ചു. വനനിയമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന പെരിങ്ങാശ്ശേരി കാണിക്കാരന്റെ ചെയ്തികൾ അവസാനിപ്പിക്കണം പെരിങ്ങാശ്ശേരി കാണിക്കാരന്റെ അധീനതയിലുള്ള വടക്കേക്കരയിൽ ഈ വർഷം നിങ്ങൾ കൃഷിയിറക്കണം. കിഴക്കേക്കര കാണിക്കാരൻ വിഷമവൃത്തിയിലായി ഏമാൻമാരെ അനുസരിക്കാതെ നിവൃത്തിയില്ല. കൃഷിയിറക്കാൻ വന്ന കിഴക്കുംകരക്കാരെ പെരിങ്ങാശ്ശേരി കാണിക്കാരനുംസംഘവും തടഞ്ഞു. ഗോത്രവർഗ്ഗരീതിയിലുള്ള ശക്തമായ സംഘട്ടനം ഏമാൻമാർ സ്ഥലത്തെത്തി രണ്ട് ഗാർഡും ഫോറസ്റ്ററും പെരിങ്ങാശ്ശേരിക്കാരനെതിരെ സ്ഥലം കയ്യേറി കൃഷിയിറക്കിയതിന് കിഴക്കുംകര കാണിക്കാരന്റെ കയ്യിൽ നിന്നും പരാതി എഴുതി വാങ്ങി. സ്കൂളിന്റെ പ്രവർത്തനം മുടങ്ങാതെ നടന്ന് പോന്നു. നാദസ്വരം പഠിപ്പിക്കാൻ വൈക്കംകാരൻ ഒരാശാൻ എത്തി. ആശാൻ കുട്ടികളെ അക്ഷരം പഠിപ്പിക്കും സ്കൂളിൽ തന്നെ താമസം. ചാത്തപ്ലാക്കൽ ഗോപാലൻ സാറും കരിമ്പുകയം നാരായണൻ സാറും ഇവരൊക്കെ ഒന്നും രണ്ടും തരത്തിൽ പഠിപ്പിക്കുന്നു. സ്കൂളിൽ സൗകര്യം കുറവാണെന്ന് മനസ്സിലാക്കി പുതിയസ്ഥലം അന്വേഷിക്കുകയായിരുന്നു കാണിക്കാരൻ. ഫോറസ്റ്റ് ഏമാൻമാർ റെയ്ഞ്ചറും രണ്ട് ഗാർഡുമാരും തർക്ക സ്ഥലത്തെത്തി. പെരിങ്ങാശ്ശേരിക്കാരനേയും കൂട്ടരേയും അങ്ങോട്ടു വിളിപ്പിച്ചു. അറിയിപ്പ് അനുസരിച്ച് എത്തിയ പെരിങ്ങാശ്ശേരി കാണിക്കാരനെ ചോദ്യംചെയ്തു. നാലഞ്ചു പേർക്ക് അടിയും കിട്ടി. കാണിക്കാരനു തടിയും ബൂട്ടിട്ട കാലുകൊണ്ട് നെഞ്ചത്തും താടിക്കും ചവിട്ടും തൊഴിയും ചവിട്ടുകൊണ്ട കാണിക്കാരന് നിവർന്നിരിക്കാനോ നിക്കാനോ പറ്റാത്ത വിധത്തിൽ അവശനായി. മൂത്രമൊഴിക്കുമ്പോൾ രക്തം നാട്ടുകാർ തൊടുപുഴ താലൂക്ക് ആശുപത്രി വരെ ചുമന്നുകൊണ്ടുപോയി അഡ്മിറ്റ്ചെയ്തു. മൂന്നാം ദിവസം ഫോറസ്റ്റ് ഏമാൻമാർ ആശുപത്രിയിൽ എത്തി. ഡോക്ടർ അറുമുഖം പിള്ളയെ കണ്ട് നിർബന്ധിച്ച് ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ്ജ് ചെയ്യിപ്പിച്ചു. തീരെ അവശനിലയിലായ കാണിക്കാരനെ നടത്തക്കാർ കോട്ടയം ജില്ലാ ആശുപത്രിയിൽ എത്തിച്ചു. രണ്ടാഴ്ചത്തെ ചികിത്സകൊണ്ട് ആശുപത്രി വിടാമെന്ന സ്ഥിതിയായി വിശേഷങ്ങൾ കാട്ടുതീ പോലെ ഗിരിവർഗ്ഗമേഖലകളിലെല്ലാം പടർന്നു കഴിഞ്ഞിരുന്നു. ആശുപത്രി വിട്ട കാണിക്കാരനും സംഘവും തലസ്ഥാന നഗരിയായ തിരുവനന്തപുരത്തിന് പുറപ്പെട്ടു. ദിവാൻ പേഷ്ക്കാർ ആയിരുന്നു സർ സി.പി രാമസ്വാമി അയ്യരെ സന്ദർശിച്ച് ഗിരിജനങ്ങൾ നേരിടേണ്ടി വരുന്ന

കനും തമ്മിൽ വാദിയും പ്രതിയുമായി ഒരു ഡസണിൽ അധികം കേസുകൾ തൊടുപുഴ കോടതികളിൽ മാസത്തിലെ എല്ലാ പ്രവൃത്തി ദിവസങ്ങളിലും തന്നെ കേസിനായി തൊടുപുഴയ്ക്ക് പോകേണ്ട അവസ്ഥ ഒന്നിനും സമയമില്ല വണ്ടിക്കൂലി, ഹോട്ടൽ ഭക്ഷണം, വക്കീൽ ഫീസ് ചിലവ് വളരെയേറി സ്കൂളിലെ അധ്യാപകർക്ക് ശമ്പളം കൊടുക്കാൻ പോലും പറ്റാത്ത അവസ്ഥ. സ്കൂൾ നിലനിർത്തികൊണ്ടുപോകാൻ ബുദ്ധിമുട്ടായപ്പോൾ ഈ സ്കൂളിനെ സർക്കാരിനെകൊണ്ട് ഏറ്റെടുപ്പിക്കാനുള്ള ശ്രമമായി. സ്കൂൾ സർക്കാർ ഏറ്റെടുത്താൽ മേലിൽ കേസുകൾ ഉണ്ടാവില്ല എന്ന കണക്കുകൂട്ടലിലാണ് അന്നത്തെ എ.ഇ.ഒ ആയിരുന്ന എം.എം മാത്യു സാറിനെ പോയി കണ്ട് കാര്യങ്ങൾ ധരിപ്പിച്ചു. സ്കൂളിലെ കുട്ടികളുടെ എണ്ണം കുറവാണെങ്കിലും ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കാമെന്നേറ്റു. എന്നാലും കുറഞ്ഞത് ഇരുപത് പേരെങ്കിലും ഒരു ക്ലാസിൽ വേണമെന്ന നിബന്ധന പ്രശ്നമായി. സർക്കാർ സ്കൂൾ ഏറ്റെടുത്തുകൊണ്ടുള്ള വിജ്ഞാപനം അനുസരിച്ച് 1950 ജൂൺ മാസം മുതൽ പെരിങ്ങാശ്ശേരി ഗവൺമെൻറ് എൽ.പി.എസ് നിലവിൽ വന്നു. ഹെഡ്മാസ്റ്ററായ തൊടുപുഴക്കാരൻ സുന്ദർ അയ്യർ സ്വാമി കാണിക്കാരന്റെ വീട്ടിലെത്തി. രണ്ടു ദിവസം കാണിക്കാരന്റെ വീട്ടിൽ താമസിച്ച ശേഷം കരിമുണ്ടക്കൽ ഈച്ചരൻ സ്വാമിയുടെ വീട്ടിൽ താമസം തുടങ്ങി. വെജിറ്റേറിയനായ സ്വാമി ഭക്ഷണം സ്വയം പാകപ്പെടുത്തി കഴിച്ചു. അരിയും മറ്റു പച്ചക്കറികളുമെല്ലാം കുടിക്കാർ തന്നെ എത്തിച്ചുകൊടുത്തു. ഒരാഴ്ച കഴിഞ്ഞ് ചങ്ങാതിക്കാരനായ കെ.കെ കുട്ടപ്പൻ സാറും എത്തി. കാണിക്കാരന്റെ വീട്ടിൽ തന്നെ താമസം . താമസവും ഭക്ഷണവുമെല്ലാം സൗജന്യം. കുട്ടികൾക്ക് സൗകര്യം പോലെ എന്തെങ്കിലും പഠിപ്പിച്ചുകൊണ്ടിരിക്കണം സ്കൂളിലെ ആദ്യത്തെ വിദ്യാർത്ഥിയായിട്ട് കാണിക്കാരന്റെ മകൻ തന്നെ അഡ്മിഷൻ രജിസ്റ്റർ ചെയ്തു. അങ്ങനെ പെരിങ്ങാശ്ശേരി ഗവൺമെന്റ് എൽ.പി.എസ് പ്രവർത്തനമാരംഭിച്ചു. 10 വയസ്സിൽ താഴെയുള്ള സ്ഥലത്തെ കുട്ടികളെ കൂട്ടിയിട്ടും ക്ലാസിനുവേണ്ട എണ്ണം തികയുന്നില്ല. കാണിക്കാരനും സംഘവും മൂലക്കാട്, ഉപ്പുകുന്ന് കൂടാതെ വനത്തിനുള്ളിൽ സ്ഥിതിചെയ്യുന്ന മണിയാറൻകുടി വരെ പോയി മന്നാൻ വിഭാഗത്തിൽപെട്ട കുട്ടികളെ എത്തിച്ചിട്ടാണ് തലയെണ്ണം തികയ്ക്കാൻ സാധിച്ചത്. ആശാൻ കളരിയിൽ പഠിത്തം പൂർത്തിയാക്കിയവർ എല്ലാം രണ്ടാം ക്ലാസ്സിലും 5 വയസ്സ് പൂർത്തിയാക്കിയവർ എല്ലാം ഒന്നാം ക്ലാസ്സിലും ചേർത്ത് ക്ലാസ്സ് തുടങ്ങി. കണക്കധ്യാപകൻ ഹെഡ്മാസ്റ്റർ സുന്ദര അയ്യർ സ്വാമി മറ്റ് വിഷയങ്ങളൊക്കെ കുട്ടപ്പൻ സാർ തന്നെ സ്കൂൾ വികസനത്തിന്റെ ഭാഗമായി മൂന്നും നാലും ക്ലാസ്സുകൾ തുടങ്ങി. ദൂരദേശങ്ങളിൽ

നിന്നും പുതിയ അധ്യാപകർ എത്തി. അധ്യാപകർക്കുള്ള താമസസൗകര്യം വനം കുടിക്കാർ തന്നെ ഏർപ്പെടുത്തികൊടുത്തിരുന്നു. അധ്യാപകരെ തികഞ്ഞ ബഹുമാനത്തോടും ആദരവോടെയും ആണ് നാട്ടുകാർ കണ്ടിരുന്നത്. അതുപോലെ തന്നെ അധ്യാപകർ കുട്ടികളോടും തികഞ്ഞ ആത്മാർത്ഥതയും സ്നേഹവും പുലർത്തിപോന്നു. കൊല്ലം ജില്ലക്കാരനായ രഘുത്തമൻ സാർ എത്തി. തുടർന്ന് ഭാസ്കരൻ സാർ വന്നു. കുട്ടപ്പൻ സർ നാലുവർഷങ്ങൾക്ക് ശേഷം സ്ഥലം മാറിപ്പോയി. ഹെഡ്മാസ്റ്റർ സുന്ദര അയ്യർ സ്വാമിക്ക് പകരം ഇട്യാദി സർ എത്തി. പെരിങ്ങാശ്ശേരി സ്കൂളിലെ ആദ്യ ബാച്ചുകാരായ വിദ്യാർത്ഥികൾ പ്രൈമറി വിദ്യാഭ്യാസം കഴിഞ്ഞ് തൊട്ടടുത്ത മിഡിൽ സ്കൂളായ തട്ടക്കുഴ യു.പി സ്കൂളിൽ പോയി. പെരിങ്ങാശ്ശേരി യിൽ നിന്നും പത്തുപന്ത്രണ്ടു കിലോമീറ്റർ ദൂരത്താണ് നടന്നു തന്നെ പോകണം. 20 കി.മീ നടന്നുള്ള പഠിത്തം എൽ.പി സ്കൂളിനെ യു.പി സ്കൂളാക്കാനുള്ള പരിശ്രമം തുടങ്ങി. അധികാരികളുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരുന്നു. കഠിനാധ്വാനത്തിനൊടുവിൽ 1973 ൽ യു.പി സ്കൂൾ തുടങ്ങുവാനുള്ള അനുവാദം കിട്ടി. ഒന്ന് ദാമോദരൻ സാറായിരുന്നു പ്രധാനാധ്യാപകൻ പക്ഷേ പ്രശ്നങ്ങൾ ! സ്വന്തം കെട്ടിടം ഉണ്ടാക്കി കൊടുക്കണം വെറും ഷെഡ് പോര. നല്ല ഉറപ്പുള്ള ഓടു മേഞ്ഞ കെട്ടിടം തന്നെ വേണം സ്വർണ്ണം പണയം വച്ചും പിരിവ് എടുത്തുമെല്ലാം കെട്ടിടം നിർമ്മിച്ചു കൊടുത്തു. പിന്നീട് 1981 -82 കാലഘട്ടത്തിൽ യു.പി സ്കൂൾ ഹൈസ്കൂളായി ഉയർന്നു. 2004-2005 കാലഘട്ടത്തിൽ പെരിങ്ങാശ്ശേരി യിൽ ഹൈസ്കൂൾ ഹയർസെക്കന്റി സ്കൂളായും വളർന്നു. നേട്ടത്തിന്റെ പാതയിലുള്ള അതിന്റെ ജൈത്രയാത്ര തുടർന്നു വരുന്നു ......................................................................

## വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ച്ചപ്പാട്

1. പാഠ പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ

2. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തു ന്നതി നുള്ള സാഹചര്യം ഒരുക്കൽ

3. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കു ന്ന വിദ്യാലയാന്തരീക്ഷം ഒരുക്കൽ

4. ഓരോ ക്ലാസിലും മികവാർന്ന ശേഷികളും ധാരണകളും കുട്ടികൾ നേടുന്നുഎ ന്ന് ഉറപ്പാക്കൽ.

5. പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമി യിലെ താല്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോ ടെ പരിസ്ഥിതിയെ കാത്തു സൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂ പപ്പെടുത്തു ന്നതിനും കുട്ടിയെ പ്രാപ്തരാക്കൽ

6. ശരിയായ ജീവിതമൂല്യങ്ങളിൽ അടിയുറച്ച് വളർന്നു വരുന്നതിന് കുട്ടിയെ പ്രാപ്തരാക്കൽ.

### പദ്ധതിരൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

1. എസ്.ആർ.ജി യോഗത്തിൽ സ്കൂൾ വിഷൻ 2020 എന്ന വികസന കാഴ്ചപ്പാട് അവതരി പ്പിക്കലും ചർച്ചയും

2. വികസനാവശ്യങ്ങൾ ക്ലാസ്/വിഷയം അടിസ്ഥാനത്തിൽ ഭൗതീകം, അക്കാദമികം, സാമൂ ഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ

3. കരട് രൂപരേഖ എസ്.ആർ.ജി. എസ്.എം.സി, പി.ടി.എ, എം.പി.ടി.എ. എസ്.എം .ഡി.സി. ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന യോഗത്തിൽ അവതരിപ്പിക്കൽ

4. യോഗത്തിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ

5. പി.ടി.എ നേതൃത്വത്തിൽ പദ്ധതിരേഖ തയ്യാറാക്കൽ

6. നിലവിലെ അവസ്ഥാവികകലനം

### ഭൗതികം നേട്ടങ്ങൾ

നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന സ്മാർട്ട് ക്ലാസ് റൂം, കുട്ടികൾക്കായി മിക ച്ച ഒരു ഭോജനശാല, വളരെ വൃത്തിയുള്ള പാചകപ്പുര, വൈദ്യുതീകരിച്ചതും ടൈൽ പാകി വൃത്തിയാ ക്കിയിട്ടുള്ളതുമായ ക്ലാസ്മുറികൾ എന്നിവ ഇവിടുത്തെ നേട്ടങ്ങ ളാണ്. 4 മുറികൾ ഹൈടെക് ആക്കുന്നതിനുള്ള പശ്ചാത്തല വികസന പ്രവർത്തന ങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് മികച്ച ഒരു കവാടം ഇവിടുത്തെ പ്രത്യേകതയാണ്. നവീക രിച്ച ടോയ്ലറ്റ് ബ്ലോക്ക് . നവീകരിച്ച ടോയ്ലറ്റ് കോംപ്ലക്സ് , ടൈൽ പാകി മനോഹ രമാക്കിയ മുറ്റം, ചുറ്റുമതിൽ, ഒഷോൺ ആഡിറ്റോറിയം, ഗ്രൗണ്ട് എന്നിവ എടുത്തുപ റയേണ്ടനേട്ടമാണ്.

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റ നോട്ടത്തിൽ

| അക്കാദമികം | ഭൗതീകം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം | ചുറ്റുമതിൽ | പി.ടി.എ ശാക്തീകരണം |
| ഗണിതശേഷിവികസനം | കളിസ്ഥലം | എസ്.എം.സി, |
| ഇംഗ്ലീഷ് പഠനപരിപോഷണം | ചിൽഡ്രൻസ് പാർക്ക് | എം .പി .ടി .എ കാര്യക്ഷമമാ |
| ശാസ്ത്ര പോഷണ പരിപാടി | ക്ലാസ്മുറികൾ | ക്കൽ |
| വായനാ പരിപോഷണം | ഓഫീസ്മുറി | വിദ്യാലയ വികസന സമിതി |
| പ്രൈമറി സ്മാർട്ട് ക്ലാസുകൾ | സ്റ്റാഫ് മുറി | പൂർവവിദ്യാർത്ഥി സംഘടന |
| ലബോറട്ടറി ആധുനിക | വിശ്രമമുറി | യുടെ പ്രവർത്തനം |
| വൽക്കരണം | കമ്പ്യൂട്ടർ ലാബ് | എസ്.എസ്.ജി |
| പ്രതിഭാപോഷണ പരിപാടി | ലൈബ്രറി | എൽ.എസ്.ജി ബന്ധം |
| നാടകക്കളരി | അടുക്കള | ഗ്രന്ഥശാലകൾ, ക്ലബുകൾ,സ |
| ജൈവവൈവിധ്യപാർക്ക് | ഡൈനിംഗ്ഹാൾ | ന്നദ്ധസംഘടനകൾ, |
| പഠനയാത്രകൾ | കമ്പ്യൂട്ടർ ലാബ് | പൂർവാധ്യാപകർ മുതലായവ |
| സാഹിത്യപോഷണപരിപാടി | കുടിവെള്ള വിതരണം | രുടെ സേവനം പ്രയോജന |
| കൾ | മാലിന്യ സംസ്കരണം | പ്പെടുത്തൽ |
| കലാ-കായികമേള | ടോയ്ലറ്റ് | വിദ്യാലയ മികവുകൾ പൊതു |
| ഐ.ടി പരിശീലനം | ലബോറട്ടറി | സമൂഹവുമായി പങ്കിടൽ |
| സെമിനാറുകൾ | ജന്മദിനത്തിനൊരു | പഠനക്കൂട്ടം |
| അധ്യാപകശാക്തീകരണ പരി | പുസ്തകം | ഭവനസന്ദർശനം |
| പാടികൾ | ചിത്രരചന | |
| സി.പി.ടി.എ സജീവമാക്കൽ | എന്റെ മരം | |
| കൈയെഴുത്തുമാസിക | | |
| പ്രവൃത്തിപരിചയ പഠനം | | |
| എസ്.ആർ.ജി ശാക്തീകരണം | | |
| ശാസ്ത്രാഭിരുചി വളർത്തൽ | | |
| പച്ചക്കറിത്തോട്ടം | | |
| രചനാശില്പശാല | | |
| അഭിമുഖം | | |
| പോഷകാഹാര പരിപാടി | | |
| ഗണിതലാബ്, ഗണിതാന്ത | | |
| രീക്ഷം ഒരുക്കൽ | | |
| ഭാഷാലാബ് | | |
| മൂല്യനിർണയം, നിരന്തര വില | | |
| യിരുത്തൽ | | |
| ദിനാചരണങ്ങൾ | | |

## പ്രതീക്ഷിത നേട്ടങ്ങൾ

1. ഗുണമേന്മയുള്ള വിദ്യാഭ്യാസം
2. വിദ്യാലയപ്രവേശന നിരക്ക് വർധിക്കുന്നു
3. കൃഷിയുടെ പ്രാധാന്യവും സംരക്ഷണവും മനസിലാക്കൽ
4. മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
5. ശാസ്ത്രാഭിരുചി വളർത്തിയെടുക്കൽ

10. മോണിട്ടറിംഗ് രീതി

1. ഉദ്യോഗസ്ഥ തലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾ തലം മുതൽ ശക്തമാക്കുന്നു
2. സോഷ്യൽ മോണിട്ടറിംഗ് (പി.റ്റി.എ, എം.പി.റ്റി.എ, എസ്.എസ്.ജി, എസ്.ആർ.ജി ) രീതി നടപ്പിലാക്കുക
3. ദൈനംദിന മോണിട്ടറിംഗ് എച്ച്.എം/ പ്രിൻസിപ്പാൾ, എസ്.ആർ.ജികൺവീനർ എന്നിവരുടെ നേതൃത്വത്തിൽ നടത്താം.

### ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്നതും മനുഷ്യന്റെ സമഗ്രവികസനത്തിനു സഹായിക്കുന്നതുമായ മഹാപ്രക്രിയയായ വിദ്യാഭ്യാസരംഗത്തെ കലുഷിതമാക്കുന്ന പ്രവർത്തനങ്ങൾ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ അവസ്ഥയ്ക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മതേതര മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടേയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നുള്ളത്. നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകം കാത്തു സൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.

എൽ.പി

പ്രവർത്തനം 1

പേര് : ഇംഗ്ലീഷ് ഡയറി ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അധ്യാപിക | |

പ്രവർത്തനം 2

പേര് : നാടകക്കളരി ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേയ്ക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാല സാഹിത്യ നോവലുകൾ, ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കാരം | പ്രതിമാസ പരിപാടി | ആർട്ട്സ് ക്ലബ് | |

പ്രവർത്തനം 3

പേര് : ദിനാചരണങ്ങൾ    ഉപമേഖല : സമഗ്രവികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജിയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി | |

പ്രവർത്തനം 4

പേര് : ഗണിതലാബ് സജ്ജീകരിക്കൽ    ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ. ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | എസ്.ആർ.ജി | |

പ്രവർത്തനം : 5

പേര് : അക്ഷരചിത്രങ്ങൾ മേഖല/ഉപമേഖല

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അക്ഷരങ്ങളിലൂടെ ചിത്രങ്ങൾ | മലയാളം, ഇംഗ്ലീഷ് അക്ഷരങ്ങളിലൂടെയും അക്കങ്ങളിലൂടെയും എളുപ്പത്തിൽ ചിത്രങ്ങൾ വരക്കാം. ഇതിലൂടെ അക്കങ്ങളും, അക്ഷരങ്ങളും ചിത്രം വരയ്ക്കാനും പഠിക്കുന്നു. | 6 മാസം | ചിത്രകലാ അദ്ധ്യാപകൻ | സാമ്പത്തികം ആവശ്യമില്ല |

യു.പി മലയാളം

പ്രവർത്തനം 1

പേര് : രചനാശില്പശാല

ഉപമേഖല : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിലേർപ്പെടാൻ അവസരമൊരുക്കൽ വായനാസാമഗ്രികളുടെ നിർമ്മാണം | രചനാശില്പശാല സംഘടിപ്പിക്കൽ രൂപപ്പെടുന്ന ഉല്പന്നങ്ങൾ പതിപ്പാക്കൽ പഠനസാമഗ്രിയായി ഉപയോഗിക്കൽ | ഓരോ ടേമിലും ഒന്നു വീതം | വിദ്യാരംഗം കലാസാഹിത്യ വേദി | 5000/- സ്പോൺസർഷിപ്പ് പി.ടി.എ |

പ്രവർത്തനം 2

പേര് : ഗ്രന്ഥശാലാശാക്തീകരണം ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേയ്ക്ക് കൂടുതൽ പുസ്തകങ്ങൾ ശേഖരിക്കൽ വർഗീകരിച്ച് ക്രമീകരിക്കൽ കാറ്റലോഗ് വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ, എച്ച്.എം ലൈബ്രേറിയൻ | 5000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം 3

പേര് : നാടകക്കളരി ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | വായിച്ചതും പഠിച്ചതുമായ ബാലസാഹിത്യകൃതികൾ/കഥകൾ എന്നിവയുടെ നാടകാവിഷ്കരണം | ഓരോ ടേമിലും ഒന്ന് | ആർട്സ് ക്ലബ് | 2000/- പി.ടി.എ |

പ്രവർത്തനം 4

പേര് : അഭിമുഖങ്ങൾ/സെമിനാറുകൾ ഉപമേഖല : സർഗ്ഗശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ വ്യക്തികളുമായി അഭിമുഖം/ സെമിനാർ | വർഷത്തിൽ ഒന്ന് | മലയാളം അധ്യാപകൻ | 3000/- പി.ടി.എ |

പ്രവർത്തനം 5

പേര് : 100 കവികൾ 100 കവിതകൾ ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കവികളെയും കവിതകളെയും പരിചയപ്പെടാൻ അവസരമൊരുക്കൽ | 100 കുട്ടികൾക്ക് 100 കവികളുടെ പേരുകൾ നൽകുന്നു. ഓരോ കുട്ടിയും അവർക്ക് ലഭിച്ചിരിക്കുന്ന കവിയുടെ ഒരു കവിതയും കവിയുടെ ലഘു ജീവ ചരിത്രവും തയ്യാറാക്കണം. പുസ്തക രൂപത്തിൽ ഇത് പ്രസിദ്ധികരിക്കാം | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി പി.ടി.എ | പി.ടി.എ |

പ്രവർത്തനം 6

പേര് : ദിനാചരണങ്ങൾ ഉപമേഖല : സമഗ്രവികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളു മായി ബന്ധപ്പെട്ട് നട ത്തേടണ്ട പ്രവർത്തന ങ്ങൾ എസ്.ആർ.ജിയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവസംഘടിപ്പിക്കുന്നു. | പ്രത്യേക ദിനങ്ങളിൽ | എസ്.ആർ.ജി ക്ലബു കൾ | |

പ്രവർത്തനം7

പേര് : വർക്ക്ഷീറ്റ് നിർമ്മിക്കൽ മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ബാല സാഹിത്യ മാസി കകളെ ഫലപ്രദമായി ഉപയോഗിക്കൽ | വായിച്ചുകഴിഞ്ഞ ബാല സാഹിത്യ വാരികകളി ലേയും മാസികകളിലേ യുംചിത്രങ്ങൾ ഒരു പേപ്പറിൽ ഒട്ടിക്കുന്നു. ഇതിനനുയോജ്യമായ കഥ,കവിത,അടിക്കുറി പ്പ്, വിവരണം എന്നിവ എഴുതിച്ചേർത്ത് വർക്ക്ഷീറ്റ്തയ്യാറാക്കൽ | മാസംതോറും | എസ്.ആർ.ജി ഭാഷാധ്യാപ കൻ | |

യു.പി ഇംഗ്ലീഷ്

പ്രവർത്തനം 1

പേര് : ഇംഗ്ലീഷ് അസംബ്ലി          ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ രണ്ട് ദിവസ് കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ 2ദിവസം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 2

പേര് : ഇംഗ്ലീഷ് ഡയറി          ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | വിദ്യാലയ സംഭവങ്ങൾ ഇംഗ്ലീഷിൽ ചുരുക്കി ഡയറിഎഴുതൽ | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അധ്യാപിക | |

പ്രവർത്തനം 3

പേര് : ഇംഗ്ലീഷ് തിയറ്റർ          ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കൽ | പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ വ്യത്യസ്ത വ്യവഹാര രൂപങ്ങളിലേയ്ക്ക് മാറ്റി എഴുതുന്നു. അവതരിപ്പിക്കുന്നു. | പ്രതിമാസ പരിപാടി | എച്ച്.എം ഇംഗ്ലീഷ് അധ്യാപിക | 2000/- പി.ടി.എ |

പ്രവർത്തനം 4

പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ ഉപമേഖല : സർഗ്ഗാത്മക രചന

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് സർഗ്ഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ Example : Monsoon,population, Freedom etc. | പ്രതിമാസ പരിപാടി | എച്ച്.എം ഇംഗ്ലീഷ് അധ്യാപിക | 2000/- പരസ്യത്തിലൂടെ കണ്ടെത്തുന്നു. |

പ്രവർത്തനം 5

പേര് : ഇംഗ്ലീഷിൽ കത്തെഴുത്ത് (English pen friends) ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | സ്കൂളിലെ പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ മറ്റൊരു ജില്ലയിലെ സമാന ക്ലാസിലെ കുട്ടികളുമായി പങ്കുവയ്ക്കൽ | മാസത്തിൽ ഒന്നു വീതം | ക്ലാസ്സ് ടീച്ചർ | പ്രതിവർഷം 1000/- പി.ടി.എ ഫണ്ട് |

പ്രവർത്തനം 4

പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ ഉപമേഖല : സർഗ്ഗാത്മക രചന

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് സർഗ്ഗാത്മക രചന നടത്തുന്നതി നുള്ള ശേഷി കൈവ രിക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ള റ്റിൻ തയ്യാറാക്കൽ Example : Monsoon,population, Freedom etc. | പ്രതിമാസ പരിപാടി | എച്ച്.എം ഇംഗ്ലീഷ് അധ്യാപിക | 2000/- പരസ്യത്തിലൂടെ കണ്ടെത്തുന്നു. |

പ്രവർത്തനം 5

പേര് : ഇംഗ്ലീഷിൽ കത്തെഴുത്ത് (English pen friends) ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | സ്കൂളിലെ പ്രവർത്തന ങ്ങളുടെ വിശേഷങ്ങൾ മറ്റൊരു ജില്ലയിലെ സമാന ക്ലാസിലെ കുട്ടി കളുമായി പങ്കുവ യ്ക്കൽ | മാസത്തിൽ ഒന്നു വീതം | ക്ലാസ്സ് ടീച്ചർ | പ്രതിവർഷം 1000/- പി.ടി.എ ഫണ്ട് |

പ്രവർത്തനം 6

പേര് : ഇംഗ്ലീഷ് ചാറ്റിംഗ് ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടൽ | വിദേശ രാജ്യങ്ങളിൽ സമാന ക്ലാസിലെ കുട്ടികളുമായി സ്കൈപ്പ് മുഖേന ആശയവിനിമയം | മാസത്തിൽ ഒന്നു വീതം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 7

പേര് :Transalation of malayalam children books to English

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വ്യാകരണത്തിലും സാഹിത്യത്തിലും നൈപുണി നേടൽ | ലളിതമായ കൃതികൾ ആശയംചോർന്നു പോകാതെ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കൽ | വർഷത്തിൽ 2 പുസ്തകം | ഇംഗ്ലീഷ് ടീച്ചർ | പ്രതിവർഷം 20000/- ( സി.എസ് ആർ ഫണ്ട്) |

പ്രവർത്തനം 6

പേര് : ഇംഗ്ലീഷ് ചാറ്റിംഗ് ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടൽ | വിദേശ രാജ്യങ്ങളിൽ സമാന ക്ലാസിലെ കുട്ടികളുമായി സ്കൈപ്പ് മുഖേന ആശയവിനിമയം | മാസത്തിൽ ഒന്നു വീതം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 7

പേര് :Transalation of malayalam children books to English

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വ്യാകരണത്തിലും സാഹിത്യത്തിലും നൈപുണി നേടൽ | ലളിതമായ കൃതികൾ ആശയംചോർന്നു പോകാതെ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കൽ | വർഷത്തിൽ 2 പുസ്തകം | ഇംഗ്ലീഷ് ടീച്ചർ | പ്രതിവർഷം 20000/- ( സി.എസ് ആർ ഫണ്ട്) |

## യു.പി സാമൂഹ്യ ശാസ്ത്രം

പ്രവർത്തനം 1

പേര് : സാമൂഹ്യശാസ്ത്രലാബ്      ഉപമേഖല : അക്കാദമിക /സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്രലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | 5000/- (പി.ടി.എ) |

പ്രവർത്തനം 2

പേര് : പഠനയാത്രകൾ      മേഖല/ഉപമേഖല : അക്കാദമികം/സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യ വസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠന യാത്ര | ടേമിൽ ഒന്നു വീതം | എസ്.ആർ.ജി സോഷ്യൽ സ്റ്റഡീസ് അധ്യാപിക | 10000/- (എസ്.ഡി.സി) |

പ്രവർത്തനം 3

പേര് : മോക്ക് പാർലമെന്റ് മേഖല : അക്കാദമികം/ സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ്പേപ്പർ വച്ചുള്ള വോട്ടെടുപ്പ് ഇവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരണം മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | 5 എണ്ണം ഓരോരോ കാലങ്ങളിൽ വർഷകാലം, തുലാവർഷം, ഓണം,ക്രിസ്തുമസ്സ്, വേനൽക്കാലം | എസ്.ആർ.ജി സ്കൂൾ പാർലമെന്റ് സാമൂഹ്യ ശാസ്ത്ര ക്ലബ് | |

പ്രവർത്തനം 4

പേര് : സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ

മേഖല : അക്കാദമികം/ സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ വിശാലമായ ഭൂമിയിലേക്ക് പ്രവേശിപ്പിക്കൽ | സാമൂഹ്യശാസ്ത്ര ലാബ് അധികവായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർബുക്കുകൾ എന്നിവ ക്രമീകരിച്ച് സാമൂഹ്യശാസ്ത്ര വായനാ കോർണർ ഒരുക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യശാസ്ത്ര ക്ലബ് | 5000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 4

പേര് : ബുള്ളറ്റിൻ ബോർഡ്

മേഖല : അക്കാദമികം/ സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തേയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | 1000/- പി.ടി.എ |

**യു.പി**

പ്രവർത്തനം 1

**പേര് : ഗണിതലാബ് സജ്ജീകരിക്കൽ**

മേഖല/ ഉപമേഖല : അക്കാദമികം/ ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതവുമായി ബന്ധപ്പെട്ടുള്ള പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | എസ്.ആർ.ജി ഗണിത ക്ലബ് | |

പ്രവർത്തനം 2

**പേര് : ഗണിതപാർക്ക് സജ്ജീകരിക്കൽ**

മേഖല/ ഉപമേഖല : അക്കാദമികം/ ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് ഗണിതപാർക്ക് സജ്ജമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിതക്ലബ് | |

പ്രവർത്തനം 3

പേര് : NU Maths പരിശീലനം

മേഖല : അക്കാദമികം/ ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രതിഭാധനരായ കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കൽ | വിരമിച്ച അദ്ധ്യാപകരെ ഉൾപ്പെടുത്തി അവധി ദിവസങ്ങളിൽ പരിശീലനം | അവധി ദിവസങ്ങൾ | എസ്.എസ്.ജി | |

പ്രവർത്തനം 4

പേര് : ഗണിതശില്പശാല

ഉപമേഖല : ഗണിതത്തിലെ വിവിധ ശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതത്തിലെ വിവിധ ശേഷികളുടെ വികസനം | പഴയകാല അളവുപാത്രങ്ങൾ, അളവുതൂക്ക ഉപകരണങ്ങൾ പ്രദർശിപ്പിക്കൽ | ഒരു പ്രാവശ്യം | ഗണിതക്ലബ് | |

പ്രവർത്തനം 5

പേര് : ഗണിത കളരി

ഉപമേഖല : ഗണിത ശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചതുഷ്ക്രിയകളിലെ ഗണിതപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു. | ഗണിതത്തിലെ ബിംബങ്ങളെ ഉപയോഗപ്പെടുത്തിയുള്ള ബോധവത്കരണം | രണ്ട് മാസത്തിൽ ഒരു പ്രാവശ്യം | ഗണിതക്ലബ് | |

പ്രവർത്തനം 6

പേര് : ദിനാചരണങ്ങൾ

ഉപമേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതത്തിലെ വിവിധ ശേഷികളുടെ വികസനം | ജൂൺ മാസം മുതൽ മാർച്ച് മാസം വരെ ഗണിതവുമായി ബന്ധപ്പെട്ടുള്ള ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി | |

പ്രവർത്തനം 7

പേര് : ഗണിതപ്രതിഭാപോഷണ പരിപാടി

മേഖല/ഉപമേഖല : അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസുകളും നൽകൽ | ഗണിതത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലന ക്ലാസുകൾ | അവധി ദിവസങ്ങൾ | എസ്.ആർ.ജി<br>എസ്.എസ്.ജി | |

പ്രവർത്തനം 8

പേര് : മേളകൾ

മേഖല/ഉപമേഖല : അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഗണിതം നിത്യ ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം തിരിച്ചറിയൽ | പരപ്പളവ്,വ്യാപ്തം, അളവുകോലുകൾ, നിർമ്മാണ രീതി ഉപകരണങ്ങൾ പ്രായോഗിക ജീവിതവുമായി ബന്ധപ്പെടുത്തുന്നു. | ഒരു പ്രാവശ്യം | ഗണിതക്ലബ് | |

**യു.പി ശാസ്ത്രം**

പ്രവർത്തനം 1

പേര് : ശാസ്ത്രമൂല സജ്ജീകരിക്കൽ

മേഖല/ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തൽ | ശാസ്ത്ര പ്രസിദ്ധീകരണങ്ങൾ, പരീക്ഷണത്തിനാവശ്യമായ സാമഗ്രികൾ മുതലായവ ക്രമീകരിക്കൽ | ഓരോ ടേമിലും ഒന്ന് | ശാസ്ത്രാധ്യാപകൻ സയൻസ് ക്ലബ് | 2500/-<br>പി.ടി.എ |

പ്രവർത്തനം 2

പേര് : ശാസ്ത്രലാബ് ക്രമീകരിക്കൽ

മേഖല: അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രലാബിനെ സജ്ജീകരക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണ ങ്ങളും രാസവസ്തു ക്കളും ഫിസിക്സ്, കെമിസ്ട്രി, ബയോ ളജി എന്നിങ്ങനെ ഇനം തിരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ് തയ്യാറാ ക്കൽ ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | ജൂൺ | സയൻസ് ക്ലബ് . | |

പ്രവർത്തനം 3

പേര് : മേളകൾ

മേഖല: അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്ര മേളയിൽ എല്ലാ കുട്ടിക ളുടേയും പങ്കാളിത്തം ഉറപ്പാക്കൽ. ഉപജില്ലാത ലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവ ശ്യം | സയൻസ്ക്ലബ് | 1000/- പി.ടി.എ |

പ്രവർത്തനം 4

പേര് : ശാസ്ത്ര മാജിക്

മേഖല: അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭി രുചി വളർത്തുക | ശാസ്ത്ര തത്വങ്ങൾ എളുപ്പം മനസ്സിലാക്കു വാൻ ഉപകരിക്കുന്ന രസകമായ ലഘു പരീ ക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരി പ്പിക്കണം. അവയുടെ പ്രവർത്തനക്രമം ചിത്രം സഹിതം (ആവശ്യമെ ങ്കിൽ) പ്രത്യേകം ബുക്കിൽ വച്ച് രേഖപ്പെ ടുത്തണം | ഓരോ ടേമിലും ഒന്ന് | എസ്.ആർ.ജി സയൻസ് ക്ലബ് | |

യു.പി

പ്രവർത്തനം 1

പേര് : നന്നായി എഴുതാം

മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വൃത്തിയുള്ള കയ്യക്ഷരം | ഇംഗ്ലീഷ് മലയാളം അക്ഷരങ്ങളും അക്കങ്ങളും വ്യത്യസ്ത ശൈലിയിലും രൂപത്തിലും വൃത്തിയായി എഴുതാനുള്ള പരിശീലനം (ആഴ്ചയിൽ 2 ക്ലാസ്സ്)<br>ആവശ്യമുള്ള സാമഗ്രികൾ<br>ബുക്ക്, പെൻസിൽ, ബോൾഡ് മാർക്കർ, ബ്രഷ്, പെയ്ന്റ് | 10 മാസം | ചിത്രകലാ അദ്ധ്യാപകൻ | സാമ്പത്തികം ആവശ്യമില്ല |

പ്രവർത്തനം

പേര് : ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

ഉപമേഖല: അക്കാദമികം/മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അക്ഷരം ഉറപ്പിക്കൽ, ചിഹ്നം ഉറപ്പിക്കുക, വാക്യ നിർമ്മാണം, പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | 8 മാസം | മലയാളം ടീച്ചർ, മികച്ച കുട്ടിയുടെ സേവനം | |
| മികച്ചവായനക്കാരൻ ആക്കുക | പുസ്തകവായന - മൗനവായന ശ്രവ്യ വായന - ഉറക്കെ വായിച്ച് തെറ്റ് കണ്ടുപിടിക്കുക, ചൂണ്ടികാണിക്കുന്ന ആൾക്ക് വായിക്കാൻ അവസരം (വായനക്കുറിപ്പ്, പത്ര വായന) | 8 മാസം | മലയാളം ടീച്ചർ, മികച്ച കുട്ടിയുടെ സേവനം | |
| മികച്ച എഴുത്തുകാരൻ | പുസ്തകചർച്ചയുടെ കുറിപ്പ് ലേഖനം തയ്യാറാക്കൽ പ്രഭാഷണം, പ്രസംഗം, മുഖപ്രസംഗം, ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കൽ | 8 മാസം | മലയാളം ടീച്ചർ, മികച്ച കുട്ടിയുടെ സേവനം | |

പ്രവർത്തനം

പേര് : രചനാശില്പശാല

ഉപമേഖല: മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരം ഒരുക്കൽ | കഥയരങ്ങ്/കവിയരങ്ങ് രചനാശില്പശാലകൾ സംഘടിപ്പിക്കൽ | രണ്ടുമാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | |
| വായനസാമഗ്രികളുടെ നിർമ്മാണം | രൂപപ്പെടുന്ന ഉല്പന്നങ്ങൾ ക്ലാസ് മുറിയിലെ പഠനസാമഗ്രിയായി ഉപയോഗിക്കൽ ഗ്രൂപ്പിൽ കഴിവുള്ളവർ | | | |
| കലാഭിരുചി പരിപോഷിപ്പിക്കുക എല്ലാ കുട്ടികൾക്കും അവസരം | അവരുടെ കഴിവ് അവതരിപ്പിക്കുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | |
| ദിനാചരണങ്ങൾ :- സാഹിത്യകാരന്മാർ | കുറിപ്പുകൾ, ചാർട്ടുകൾ, അസംബ്ലിയിൽ പുസ്തക പരിചയം | | വിദ്യാരംഗം കലാസാഹിത്യ വേദി | |

പ്രവർത്തനം 1

പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ ഒരു ദിസം ഇംഗ്ലീഷിൽ അസംബ്ലി അവതരിപ്പിക്കുന്നു. | ആഴ്ചയിൽ 1ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം 1

പേര് : ഇംഗ്ലീഷ് കോർണർ

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ് | |

പ്രവർത്തനം3

പേര് : രചനാ ശില്പശാല

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗ്ഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഉപന്യാസ രചന കഥാരചന മത്സരങ്ങൾ | വർഷത്തിൽ 2 പ്രാവശ്യം | ഇംഗ്ലീഷ് അദ്ധ്യാപിക | |

പ്രവർത്തനം 4

പേര് : ഗ്രാമർ സ്കൂൾ

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വ്യാകരണശുദ്ധിയോടെ ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുവാൻ കഴിവു നേടൽ | പി.ടി.എയുടേയും പൂർവ്വവിദ്യാർത്ഥികളുടേയും സഹകരണത്തോടെ വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസുകൾ | പ്രതിവർഷം 10 ക്ലാസ്സുകൾ | പി.ടി.എ, ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം 5

പേര് : ഇംഗ്ലീഷ് പുസ്തക വായന

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പുസ്തകവായനയി ലൂടെ ഇംഗ്ലീഷിൽ പ്രാവീണ്യം നേടൽ | ഇംഗ്ലീഷ് പ്രസിദ്ധീകര ണങ്ങൾ, പുസ്തക ങ്ങൾ എന്നിവ കുട്ടി കൾക്ക് വായിക്കാനുള്ള സൗകര്യം ഏർപ്പെടു ത്തൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് അദ്ധ്യാപിക | |

പ്രവർത്തനം 6

പേര് : ഇംഗ്ലീഷ് തിയേറ്റർ

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്ത നങ്ങൾക്ക് ഉപയോഗി ക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളി ലേയ്ക്ക് മാറ്റിയെഴുതി അവതരിപ്പിക്കൽ ഉദാ: skit, conversation etc. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് അദ്ധ്യാപിക | |

ഹിന്ദി

പ്രവർത്തനം 1

പേര് : രാഷ്ട്രഭാഷ

മേഖല/ഉപമേഖല : അക്കാദമികം/ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാകുട്ടികൾക്കും ഹിന്ദി ഫലപ്രദമായി വായിക്കാനും എഴുതാ നുമുള്ള ശേഷി വിക സിപ്പിക്കൽ | ഒഴിവു സമയങ്ങളിൽ അക്ഷരങ്ങൾ എഴു താനും ചിഹ്നങ്ങൾ ഉറ പ്പിക്കാനുമുതകുന്ന വിധത്തിൽ അക്ഷര ചാർട്ടുകളും, ചിത്ര ങ്ങളും ഉപയോഗിച്ച് എഴുതാനും വായി ക്കാനും പരിശീലനം | എല്ലാ പ്രവൃത്തി ദിനങ്ങ ളിലും | ഹിന്ദി ടീച്ചർ | |

| | | | | |
|---|---|---|---|---|
| | നൽകൽ | | | |
| തെറ്റില്ലാതെ അനായാസം ഹിന്ദി എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഹിന്ദിയിൽ ഡയറിയിൽ എഴുതുക | തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഡയറി സബ്മിറ്റ് ചെയ്യുക | ഹിന്ദി അദ്ധ്യാപിക | |
